
# Athmaraksha.org

പ്രത്യേക അവസരങ്ങളിലെ പ്രാർത്ഥനകൾ

## കടബാദ്ധ്യതകൾ മാറുന്നതിനുവേണ്ടി പ്രാർത്ഥന-Debt




### കടബാദ്ധ്യതകൾ മാറുന്നതിനുവേണ്ടി പ്രാർത്ഥന

പിതാവായ ദൈവമേ ഒന്നിനും കുറവില്ലാത്തവനായ അങ്ങയുടെ പുത്രനായി എന്നെ ഏറ്റെടുത്തിരിക്കുന്നതിന് ഞാൻ അങ്ങേയ്ക്ക് നന്ദിപറയുന്നു. സകലത്തിന്റെയും പരിപാലകനും സകല സമ്പത്തിന്റെയും ഉടയവനുമായ അങ്ങ് അങ്ങയുടെ ആശ്രിതരെ ഒരു കുറവുമില്ലാതെ പരിപാലിക്കുന്നതിന് അങ്ങേയ്ക്ക് നന്ദി പറയുന്നു. എന്നാൽ പിതാവേ അങ്ങയുടെ ഈ മകന്റെ കുടുംബം കടബാധ്യതകളാൽ വലയുന്നു. എത്ര ശ്രമിച്ചിട്ടും കൊടുത്തു തീർക്കുവാൻ പറ്റാത്ത കടങ്ങൾ അടിയനെ അലട്ടുന്നു. ഓരോ കടവും തീർക്കുവാൻ ശ്രമിക്കുമ്പോൾ മറ്റനേകം പുതിയ കടങ്ങൾ ഉണ്ടാകുന്നു. ജീവിതകാലം മുഴുവൻ ശ്രമിച്ചാലും അടിയനു ഇന്നുള്ള കടങ്ങൾ തീരുകയില്ല. യാചിക്കുവാൻ പോലും അടിയനു സാധിക്കുന്നില്ല. കർത്താവേ, ഈ സാഹചര്യത്തിൽ അങ്ങയുടെ സന്നിധിയിലേക്കു എന്റെ കണ്ണുകൾ ഉയർത്തുന്നു.

പിതാവേ അങ്ങു കനിഞ്ഞു അങ്ങയുടെ കാരുണ്യം വർഷിക്കണമെ. അടിയന്റെ പാപകടങ്ങൾ ക്ഷമിക്കണമെ. കടം തന്നവരുടെ ഹൃദയങ്ങളിൽ അടിയനോട് അലിവ് തോന്നിക്കേണമേ. അടിയന്റെ സാമ്പത്തിക സ്ഥിതി വർദ്ധിപ്പിക്കണമെ. അങ്ങനെ കടബാദ്ധ്യതകൾ തീരുമാറാകുവാൻ പ്രാർത്ഥിക്കുന്നു. അങ്ങയുടെ പുത്രനായ യേശുവിന്റെ നാമത്തിൽ ഈ പ്രാർത്ഥന സമർപ്പിക്കുന്നു.

തിരുവചനം

മകനേ, നമ്മൾ ദരിദ്രരായിത്തീർന്നതിൽ നിനക്ക് ആധി വേണ്ടാ. നിനക്കു ദൈവത്തോടു ഭക്തി ഉണ്ടായിരിക്കുകയും നീ പാപത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുകയും അവിടുത്തേക്കു പ്രീതികരമായത് അനുഷ്ഠിക്കുകയും ചെയ്താൽ നിനക്കു വലിയ സമ്പത്തു കൈവരും (തോബിത് 4:21).

പാപിയുടെ നേട്ടങ്ങളിൽ അസൂയ വേണ്ടാ, കർത്താവിൽ ശരണംവച്ചു നിന്റെ ജോലി ചെയ്യുക, ദരിദ്രനെ സമ്പന്നനാക്കാൻ കർത്താവിന് ഒരു നിമിഷം മതി (പ്രഭാഷകൻ 11:21).

ന്യായപ്രമാണഗ്രന്ഥം എപ്പോഴും നിന്റെ അധരത്തിലുണ്ടായിരിക്കണം. അതിൽ എഴുതിയിരിക്കുന്നതെല്ലാം പാലിക്കാൻ നീ ശ്രദ്ധിക്കണം അതിനെക്കുറിച്ച് രാവും പകലും ധ്യാനിക്കണം. അപ്പോൾ നീ അഭിവൃദ്ധി പ്രാപിക്കുകയും വിജയം വരിക്കുകയും ചെയ്യും (ജോഷ്വ 1:8).

+++